# സ്കൂൾഅക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## കലാസമിതി എൽ പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## ആമുഖം

കലാസമിതി എൽ.പി. സ്കൂളിന്റെ അക്കാദമിക മികവ് ഉറപ്പുനൽകുന്നതിനായി വിവിധ വിഷയമേഖലകളിലായി 10 പ്രവർത്തന പദ്ധതികളാണ് 2025-26 അക്കാദമികവർഷത്തിൽ ഞങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പലവിധത്തിലുള്ള വെല്ലുവിളികളും, പ്രശ്നങ്ങളുമാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. എല്ലാ വെല്ലുവിളികളെയും പ്രശ്നങ്ങളെയും അതിജീവിച്ചുകൊണ്ട് അക്കാദമികരംഗത്ത് മികച്ച മുന്നേറ്റം നടത്തുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു. ചരിത്രമെടുത്താൽ പ്രവർത്തനമികവുകൊണ്ട് ശ്രദ്ധേയമായ ധാരാളം അക്കാദമികമികവുകൾ നേടിയെടുക്കാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ടെങ്കിലും ചില മേഖലകളിൽ കുറച്ചുകൂടി ശ്രദ്ധചെലുത്തുകയും, അതിനായി പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്നുമുള്ള തിരിച്ചറിവാണ് ഇത്തരമൊരു കർമ്മപദ്ധതി രൂപീകരണത്തിന്

ദിശാബോധം നൽകിയത്.

പൊതുലക്ഷ്യങ്ങൾ

* വിദ്യാലയത്തിന്റെ അക്കാദമികരംഗത്തെ പോരായ്മകൾ പരിഹരിച്ച്, എല്ലാ കുട്ടികളെയും പഠനമികവിലേക്ക് എത്തിക്കുക
* ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ച് പാഠ്യപദ്ധതി വിനിമയം ചെയ്യുന്ന ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പുവരുത്തുക
* സ്കൂൾ പരിസരത്തെ മുഴുവൻ ജനങ്ങളെയും, കുട്ടികളെയും ആകർഷിക്കുന്നതിനുതകുന്ന രീതിയിൽ അക്കാദമിക മേഖല പരിഷ്കരിക്കുക

# പ്രവർത്തനപദ്ധതിയുടെ പേര് : വായനാക്കൂട്ടം

## പ്രശ്നങ്ങൾ/ വെല്ലുവിളികൾ

വിഷയം : ഭാഷ          മേഖല : വായന

* കുട്ടികളിൽ കുറഞ്ഞുവരുന്ന വായനാശീലം
* ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതമായ ഉപയോഗം
* വിവിധ ഭാഷാവ്യവഹാരരൂപങ്ങളുടെ വായനയിലുള്ള വ്യത്യസ്തത കുട്ടികൾക്ക് പരിചിതമില്ല
* ഉച്ചാരണത്തിലെ വ്യക്തതയില്ലായ്മ
* വായനയിൽ വൈവിധ്യമുള്ള പുസ്തകവായനാനുഭവങ്ങളുടെ ലഭ്യതക്കുറവ്
* സ്വന്തമായി പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നതിനുള്ള അവസരങ്ങളുടെ കുറവ്
* ഉച്ചത്തിൽ വായിക്കുമ്പോഴുള്ള ആത്മവിശ്വാസക്കുറവ്
* ദിനപ്പത്രങ്ങൾ ലഭ്യമല്ലാത്ത ഗൃഹാന്തരീക്ഷം
* വായനയുടെ പ്രാധാന്യം തിരിച്ചറിയാത്ത സമൂഹം

## ലക്ഷ്യങ്ങൾ

* എഴുത്തിലും വായനയിലുമുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുക
* ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക
* വായനയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കുക

വിഷയം : ഭാഷ    മേഖല : വായന    പ്രവർത്തനപദ്ധതിയുടെ പേര് : വായനാക്കൂട്ടം

| പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ് / വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * സ്കൂൾ ലൈബ്രറി സജ്ജീകരിക്കൽ | മെയ് അവസാനവാരം | എസ്.ആർ.ജി കൺവീനർ | പൂർത്തിയാക്കി | |
| * പുസ്തകങ്ങളെ ക്ലാസ് അടിസ്ഥാനത്തിൽ തരംതിരിക്കൽ | മെയ് അവസാനവാരം | ക്ലാസ് അധ്യാപകർ | | |
| * ക്ലാസ്തലത്തിൽ വായനാക്കൂട്ടം രൂപീകരിക്കൽ [കുട്ടികളുടെ വായനാനിലവാരമനുസരിച്ച്] | ജൂൺ ആദ്യത്തെ രണ്ടാഴ്ച | ക്ലാസ് അധ്യാപകർ | റീഡിംഗ് ടെസ്റ്റ് - ക്ലാസ് തലത്തിൽ സംഘടിപ്പിച്ച് വായനയുടെ നിലവാരമനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു- | |
| * കുട്ടി ലൈബ്രേറിയൻമാരെ തിരഞ്ഞെടുക്കൽ | ജൂൺ മൂന്നാമത്തെ വാരം | ക്ലാസ് അധ്യാപകർ | മൂന്ന് ഗ്രൂപ്പുകളിൽ ഒരു അംഗത്തെ ഉൾപ്പെടുത്തും. | പൂർത്തിയാക്കി |
| * ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കൽ | ജൂൺ മൂന്നാമത്തെ വാരം | ക്ലാസ് അധ്യാപകർ, ക്ലാസ് ലൈബ്രേറിയൻമാർ | കുട്ടികളുടെ പേര്, ഇഷ്യൂചെയ്ത തീയതി, തിരിച്ച് വാങ്ങിയ തീയതി, പുസ്തകത്തിന്റെ പേര് - | |
| * ക്ലാസ് ലൈബ്രറി - വായനാമൂല സജ്ജീകരണം | ജൂൺ-19 വായനാദിനം | ക്ലാസ് ടീച്ചർ, വായനാക്കൂട്ടം, ലൈബ്രേറിയൻമാർ | പൂർത്തീകരിച്ചു | |

| | | | | |
|---|---|---|---|---|
| * വായനാച്ചാർട്ട് പ്രദർശനം – ഞാൻ വായിച്ച പുസ്തകങ്ങൾ | ജൂൺ മാസത്തെ വാരം | ക്ലാസ് ടീച്ചർ, ക്ലാസ് ലൈബ്രേറിയൻമാർ | - കുട്ടിയുടെ പേര്, വായിച്ച പുസ്തകത്തിന്റെ പേര്, എഴുത്തുകാരൻ<br>- ഓരോ ടേമിലും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിക്ക് ചാർട്ടിൽ നക്ഷത്രങ്ങൾ നൽകൽ<br>- അസംബ്ലിയിൽ വായിച്ച പുസ്തകത്തിൽ ഇഷ്ടപ്പെട്ട ഒരു പുസ്തകം പരിചയപ്പെടുത്താം. | |
| * വായനാക്കൂട്ടം – വായനയിൽ പിന്നാക്കം നിൽക്കുന്നവർക്ക് പിന്തുണ – മലയാളം റീഡിംഗ് കാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ | ആഴ്ചയിൽ 3 ദിവസം 3pm to 4 pm | ക്ലാസ് ലൈബ്രേറിയന്മാർ, വായനാക്കൂട്ടം | | |
| * ഓരോ കുട്ടിയും ക്ലാസ് ലൈബ്രറിയിൽ നിന്നും താല്പര്യമനുസരിച്ച് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നു<br>– ഇഷ്യൂ രജിസ്റ്ററിൽ കുട്ടികൾക്ക് രേഖപ്പെടുത്തുവാൻ അവസരം | ആഴ്ചയിൽ 1 ദിവസം ലൈബ്രറി പീരീഡ് | ക്ലാസ് ടീച്ചർ, ലൈബ്രേറിയന്മാർ | ക്ലാസ് ടീച്ചർ, ഇഷ്യൂ രജിസ്റ്റർ പരിശോധിക്കൽ, | |
| * വായനാക്കുറിപ്പുകൾ തയ്യാറാക്കൽ | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | പതിപ്പാക്കൽ, പോർട്ട് ഫോളിയോ മികച്ച വായനാക്കുറിപ്പ് കണ്ടെത്തൽ, പുരസ്കാരങ്ങൾ നൽകൽ | |

| | | | | |
|---|---|---|---|---|
| 9. വായനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു | എല്ലാ മാസത്തിലും അവസാനത്തെ വെള്ളിയാഴ്ച | ക്ലാസ് ടീച്ചർ, ക്ലാസ് ലൈബ്രേറിയൻമാർ | - ആശയഗ്രഹണം, അക്ഷരസ്ഫുടത, സ്വരസ്ഥായീവ്യതിയാനം, ഉച്ചാരണം.<br>- മികച്ച വായനക്കാർക്ക് അസംബ്ലിയിൽ ഉറക്കെ വായനക്ക് അവസരം | |
| 9 ജന്മദിനപുസ്തകം | 1 വർഷം | ക്ലാസ് ടീച്ചർ | | |

വിഷയം : ഭാഷ     മേഖല : ലേഖനം

പ്രവർത്തനപദ്ധതിയുടെ പേര് : എന്റെ തൂലിക

## പ്രശ്നങ്ങൾ / വെല്ലുവിളികൾ

* കുട്ടികൾ നോട്ടുപുസ്തകങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും, വൃത്തിയായി എഴുതുന്നതിനും മടി കാണിക്കുന്നു
* വായിക്കാൻ സാധിക്കാത്ത രീതിയിൽ അവ്യക്തമായ അക്ഷരങ്ങൾ, സ്ട്രോക്കുകൾ കൃത്യമായി പാലിക്കാതെയുള്ള അക്ഷരമെഴുതൽ
* ധാരാളം അക്ഷരത്തെറ്റുകൾ വരുത്തുന്നു
* സർഗാത്മകരചനകൾക്ക് അവസരങ്ങൾ കുറയുന്നു.

## ലക്ഷ്യങ്ങൾ

* വ്യക്തമായും, സ്ട്രോക്കുകൾ പാലിച്ചും വൃത്തിയായും എഴുതുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
* സ്വന്തം നോട്ടുപുസ്തകങ്ങൾ വൃത്തിയായി സൂക്ഷിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുക
* അക്ഷരത്തെറ്റുകൾ കൂടാതെ എഴുതുന്നതിനുള്ള ശേഷി വളർത്തിയെടുക്കുക
* കുട്ടികളുടെ സർഗാത്മകകഴിവുകൾ കണ്ടെത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും അവസരം നൽകുക.

വിഷയം : ഭാഷ    മേഖല: ലേഖനം    പ്രവർത്തന പദ്ധതിയുടെ പേര് : തൂലിക

| പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | ചുമതല | (മോണിറ്ററിംഗ്)<br>വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * കയ്യെഴുത്ത് മത്സരം | - 1 വർഷം<br>മാസത്തിൽ അവസാനത്തെ വ്യാഴാഴ്ച | ക്ലാസ്<br>അധ്യാപകർ | | |
| * കേട്ടെഴുത്ത് | ദിവസവും കേട്ടെഴുത്ത്<br>1 വർഷം | ക്ലാസ്<br>അധ്യാപകർ | കൂടുതൽ മാർക്ക് നേടിയവരെ മാസാവസാനം അസംബ്ലിയിൽ പുരസ്കാരം | |
| * മികച്ച നോട്ടുപുസ്തകം | ടേമിൽ 1 തവണ | ക്ലാസ്<br>ടീച്ചർ | ഓരോ ക്ലാസിൽ നിന്നും മികച്ച നോട്ടുപുസ്തകത്തിന് അസംബ്ലിയിൽ പുരസ്കാരം | |
| * സർഗോത്സവം -<br>{1,2 - 1 കുട്ടിക്ക്<br>3,4 - 1 കുട്ടിക്ക്<br>5 - 1 കുട്ടിക്ക്}<br>- കഥയെഴുത്ത്<br>- കവിതാരചന / രചനാപരിചയക്കുറിപ്പ്<br>- ആസ്വാദനക്കുറിപ്പ്<br>- ചിത്രരചന<br>- പത്രവാർത്ത | ടേമിൽ 1 തവണ | ക്ലാസ് ടീച്ചർ | - അസംബ്ലിയിൽ സമ്മാനം<br>- നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു | |

## പ്രവർത്തനപദ്ധതിയുടെ പേര്: ലിറ്റിൽ സയന്റിസ്റ്റ് - പരീക്ഷണ കളരി

### പ്രശ്നങ്ങൾ / വെല്ലുവിളികൾ

വിഷയം: പരിസരപഠനം        മേഖല: ശാസ്ത്രാവബോധം / ശാസ്ത്രാഭിരുചി വളർത്തൽ

* കുട്ടികളിൽ ശാസ്ത്രാഭിരുചി കുറയുന്നു
* ശാസ്ത്രകൗതുകം ജനിപ്പിക്കുന്ന പ്രവർത്തനങ്ങളോടുള്ള താല്പര്യമില്ലായ്മ
* ലളിതമായി വസ്തുതകൾ അന്വേഷിച്ചു കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ
* ചുറ്റുപാടും നിരീക്ഷിച്ച് കാര്യങ്ങൾ കണ്ടെത്തുന്നതിനും, എത്തിച്ചേർന്ന നിഗമനങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്

### ലക്ഷ്യങ്ങൾ

* കുട്ടികളിൽ ശാസ്ത്രീയാഭിരുചി വളർത്തുക
* ശാസ്ത്രമനോഭാവത്തോടെ പ്രശ്നങ്ങളെ ഏറ്റെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
* അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മാറുന്നതിനും, സ്വന്തം കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ ഏറ്റെടുക്കുന്നതിനും, തീരുമാനമെടുക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക

വിഷയം: പരിസരപഠനം   മേഖല: ശാസ്ത്രാവബോധം   പ്രവർത്തന പദ്ധതിയുടെ പേര്: ലിറ്റിൽ മാസ്റ്റർ

| പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ്/ വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ ക്ലാസ്സുകളിലും ശാസ്ത്ര മൂല ഒരുക്കൽ | ജൂൺ - ജൂലായ് | ക്ലാസ് ടീച്ചർ, എസ്.ആർ.ജി കൺവീനർ, | പ്രധാന അധ്യാപിക, എസ്.ആർ.ജി. കൺവീനർ | |
| * ശാസ്ത്രമൂലയിൽ ഒരുക്കേണ്ട സാമഗ്രികൾ ഉപകരണങ്ങൾ, ലിസ്റ്റ് ചെയ്യൽ - ലൈബ്രറിയിൽ നിന്നും കണ്ടെത്തൽ - ശേഖരിക്കൽ - കുട്ടികൾ ഉണ്ടാക്കിയവ / വാങ്ങേണ്ടവ | ജൂൺ - ജൂലായ് - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | " | |
| * പരീക്ഷണ ശില്പശാല സംഘടിപ്പിക്കൽ [ക്ലാസ് തലം] - ഒരു കുട്ടി ഒരു പരീക്ഷണം - പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ - | സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ | ക്ലാസ് ടീച്ചർ | മികവ് പുലർത്തുന്ന പരീക്ഷണങ്ങളെ കണ്ടെത്തൽ, പ്രോത്സാഹിപ്പിക്കൽ - മേളകളിൽ പങ്കെടുപ്പിക്കൽ | |
| * സ്കൂൾതലത്തിൽ പരീക്ഷണ പ്രദർശനം കളരി - ശാസ്ത്രമേള സംഘടിപ്പിക്കൽ - ശില്പശാല | ജനുവരി - ഫെബ്രുവരി | എസ്.ആർ.ജി കൺവീനർ, ക്ലാസ് ടീച്ചർ | പ്രധാന അധ്യാപിക, പി.ടി.എ. | |

## പ്രവർത്തനപദ്ധതിയുടെ പേര്:

## പ്രശ്നങ്ങൾ / വെല്ലുവിളികൾ

* കുട്ടികളിൽ സർഗാത്മക രചനകൾ / നിർമാണ പ്രവർത്തനങ്ങൾ കുറയുന്നു
* ഇലക്ട്രോണിക് ഉപകരണങ്ങളുടെ അമിത ഉപയോഗം മൂലം ~~കുട്ടികളിൽ~~ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനുള്ള കഴിവ് കുറയുന്നു.
* വായന, പുതിയ കാര്യങ്ങൾ അറിയുന്നതിനുള്ള ജിജ്ഞാസ, എന്നിവ കുട്ടികളിൽ കുറഞ്ഞുവരുന്നു.
* കുട്ടികളിൽ സർഗവാസനകൾ കണ്ടെത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ക്ലാസ്മുറികളിൽ അവസരങ്ങൾ കുറയുന്നു.

## ലക്ഷ്യങ്ങൾ

* കുട്ടികളിലെ സർഗവാസനകൾ കണ്ടെത്തുക, പരിപോഷിപ്പിക്കുക
* പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും, മികവ് പുലർത്തുന്നതിനും കുട്ടികൾക്ക് അവസരമൊരുക്കുക.
* പാഠപുസ്തകങ്ങൾക്ക് പുറമെ കുട്ടികൾക്ക് മികവ് പ്രദർശിപ്പിക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളെ പരിചിതമാക്കുക, ആത്മവിശ്വാസം വളർത്തുക.
* കുട്ടികൾക്ക് മികവ് തെളിയിക്കാവുന്ന മറ്റ് മേഖലകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക

വിഷയം : കലാകായിക പ്രവൃത്തിപരിചയം   മേഖല : സർഗവാസനകളെ കണ്ടെത്തൽ പരിപോഷിപ്പിക്കൽ

പ്രവർത്തനപദ്ധതിയുടെ പേര് :

| പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ് / വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * സ്കൂൾ എക്സിക്യൂട്ടീവ് യോഗത്തിൽ വിഷയാവതരണം, മേഖലകൾ തീരുമാനിക്കൽ | ഒക്ടോബർ | പ്രധാന അധ്യാപിക, അധ്യാപകർ, | | |
| * സ്പോൺസർമാർ കണ്ടെത്തൽ, ഷെഡ്യൂൾ തയ്യാറാക്കൽ, | ഒക്ടോബർ - ഡിസംബർ | പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങൾ | | സന്നദ്ധസംഘടനകൾ, ഒ.എസ്.എ, പിടിഎ |
| * ചുമതലാവിഭജനം, റിസോഴ്സ് പേഴ്സനെ കണ്ടെത്തൽ | | | | |
| * ആവശ്യമായ മുന്നൊരുക്കങ്ങൾ, സജ്ജീകരണങ്ങൾ ഒരുക്കൽ | ഡിസംബർ | അധ്യാപകർ, പി.ടി.എ അംഗങ്ങൾ | പിടിഎ എക്സിക്യൂട്ടീവ് പ്രധാന അധ്യാപിക | |
| * ത്രിദിന ക്യാമ്പ് സംഘാടനം | ഡിസംബർ വെക്കേഷൻ - 2 ദിവസം | | | |
| * ഡോക്യുമെന്റേഷൻ | | | | |

വിഷയം :- ഭാഷ [മലയാളം, ഇംഗ്ലീഷ്] മേഖല : പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ
- ഗണിതം

പ്രവർത്തന പദ്ധതിയുടെ പേര് : തെളിച്ചം

**ലക്ഷ്യങ്ങൾ**

* പഠനപിന്നാക്കാവസ്ഥ പരിഹരിച്ച് എല്ലാകുട്ടികളെയും മുഖ്യധാരയിലെത്തിക്കൽ
* എല്ലാ കുട്ടികൾക്കും വ്യക്തിഗത പഠന പിന്തുണ ഉറപ്പാക്കുക
* ഗണിത പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക
* ആത്മവിശ്വാസത്തോടെ വിദ്യാലയപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ്/ വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * പ്രീ-ടെസ്റ്റ് ടൂൾ തയ്യാറാക്കൽ [മലയാളം, ഇംഗ്ലീഷ്, ഗണിതം] | ജൂൺ ആദ്യവാരം | ക്ലാസ് അധ്യാപകർ | പ്രധാന അധ്യാപിക, എസ് ആർ ജി യോഗം | |
| * പ്രീ-ടെസ്റ്റ് - പഠനപിന്നാക്കാവസ്ഥ കണ്ടെത്തൽ | ജൂൺ രണ്ടാംവാരം | ക്ലാസ് അധ്യാപകർ | തെളിച്ചം - പ്രത്യേക നോട്ടുബുക്ക് | |
| * എല്ലാദിവസവും 1 മണിക്കൂർ പരിശീലനം | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | പുരോഗതി വിലയിരുത്തൽ - എസ് ആർ ജി യോഗം | |

മേഖല : സാമൂഹികം — ക്ലാസ് പി.ടി.എ

ലക്ഷ്യങ്ങൾ

* കുട്ടികളുടെ പാഠ്യ-പാഠ്യേതര വിഷയങ്ങളിലുള്ള കഴിവുകൾ രക്ഷിതാക്കളെ അറിയിക്കുക
* കുട്ടികളിലെ പഠനവൈകല്യങ്ങൾ/പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക
* ഓരോ കുട്ടിയുടേയും പ്രത്യേക കഴിവ് പുലർത്തുന്ന മേഖലകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിന് രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുക.
* കുട്ടിയുടെ സാമൂഹിക പശ്ചാത്തലം അറിയുവാൻ അധ്യാപകർക്ക് അവസരമൊരുക്കുക.
* നിരന്തരവിലയിരുത്തൽ മേഖലകൾ, സാധ്യതകൾ എന്നിവയെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുക
* ക്ലാസ് പിടിഎ യുടെ പ്രാധാന്യം, ആവശ്യകത എന്നിവ രക്ഷിതാക്കളെ അറിയിക്കുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ്/ വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * മാസത്തിൽ അവസാനത്തെ പ്രവൃത്തിദിനങ്ങളിൽ ക്ലാസ് പിടിഎ | ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ | പ്രധാന അധ്യാപിക, എസ്.ആർ.ജി യോഗങ്ങൾ | |
| * കുട്ടികൾ നോട്ടീസ് തയ്യാറാക്കൽ | | ക്ലാസ് അധ്യാപകർ | | |

| | | | | |
|---|---|---|---|---|
| [illegible], | | | | |
| * എല്ലാ മാസത്തിലേയും പരീക്ഷകൾ/വിലയിരുത്തൽ ഫലങ്ങൾ അറിയിക്കൽ - മികവ് പുലർത്തിയവർക്ക് പുരസ്കാരം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | | |
| * സ്വന്തം അഭിപ്രായങ്ങൾ / നിർദേശങ്ങൾ എന്നിവ പങ്കുവെക്കാനുള്ള അവസരം നൽകൽ | | | | |
| * കുട്ടികളുടെ നോട്ടുപുസ്തകങ്ങൾ, പോർട്ട്ഫോളിയോ, പഠനതെളിവുകൾ - പങ്കുവെക്കൽ - പ്രദർശനം | | ഗ്രൂപ്പ് ലീഡർമാർ | ക്ലാസ് ടീച്ചർ, ഗ്രൂപ്പ് / ക്ലാസ് ലീഡർമാർ | |
| * കുട്ടികൾ മികച്ചവയുടെ നേരിട്ടുള്ള അവതരണം | | | | |
| * കൃത്യമായ അജണ്ട, ഹാജർ രേഖപ്പെടുത്തൽ | | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ<br>പി.ടി.എ മിനുട്സ് | |
| * ഹാജരാകാതിരുന്നവർക്കുള്ള വ്യക്തിഗത അറിയിപ്പുകൾ, പങ്കുവെക്കലുകൾ | | ,, | ക്ലാസ് ടീച്ചർ | |

മേഖല : കലാ,കായിക,പ്രവൃത്തിപരിചയം

പ്രവർത്തന പദ്ധതിയുടെ പേര് : ടാലന്റ് ലാബ്

ലക്ഷ്യങ്ങൾ

* കായികക്ഷമതയുള്ള ഒരു തലമുറയെ വളർത്തുക
* ശുചിത്വം / ആരോഗ്യം എന്നിവയുടെ സംരക്ഷണം, പരിപാലനം
* നിത്യവും അനുഷ്ഠിക്കേണ്ട നല്ല ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ, വ്യക്തികൾ സ്വന്തമായി പാലിക്കേണ്ട അച്ചടക്കം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ്/ വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും താല്പര്യമുള്ള മേഖല തെരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു.<br>* യോഗ, അബാക്കസ്, കരാട്ടെ, ചിത്രരചന എന്നിവയിൽ ഏതെങ്കിലും ഒന്നിൽ എല്ലാ വ്യാഴാഴ്ചകളിലും 1 മണിക്കൂർ പരിശീലനം നൽകുന്നു.<br>* മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്ക് അസംബ്ലി / ക്ലാസ് പിടിഎയിൽ അംഗീകാരം | ജൂലൈ – മാർച്ച് | പ്രധാന അധ്യാപിക<br>എല്ലാ അധ്യാപകരും | അധ്യാപകർ, പിടിഎ പ്രതിനിധികൾ | |

വിഷയം: ഗണിതം        മേഖല: ഗണിതാഭിരുചി വളർത്തൽ

പ്രവർത്തനപദ്ധതിയുടെ പേര്: 'ഗണിതം മധുരം'

ലക്ഷ്യങ്ങൾ

* കുട്ടികളിൽ ഗണിതത്തോടുള്ള വിരസത ഒഴിവാക്കി ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമാക്കുക
* ഗണിതത്തിൽ മികവ് പുലർത്തുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, പരിശീലനം നൽകുക
* മനഃഗണിതം പ്രോത്സാഹിപ്പിക്കുക
* ഗണിതപ്രതിഭകളെ കണ്ടെത്തുക, അംഗീകാരങ്ങൾ നൽകുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ്/ വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * ഗണിതമൂല ക്ലാസുകളിൽ സജ്ജീകരിക്കൽ | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപകർ | പ്രധാന അധ്യാപിക | |
| * ഓരോ കുട്ടിക്കും ഒരു ഗണിത കിറ്റ് / ഗണിതപ്പെട്ടി ഒരുക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ, രക്ഷിതാക്കൾ, ലീഡർമാർ | ക്ലാസ് അധ്യാപകർ | |
| * വിവിധ മേഖലകളിലൂടെ ഉത്തരം കണ്ടെത്താവുന്ന ചോദ്യങ്ങൾ ചാർട്ടിൽ നക്ഷത്രചിഹ്നം നൽകൽ | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | എസ്.ആർ.ജി | |
| * ആഴ്ചയിൽ ഗണിതക്വിസ് - കൂടുതൽ പോയിന്റ് - ഗണിതപ്രതിഭ | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | എസ്.ആർ.ജി | |

മേഖല : ഭൗതികം

പ്രവർത്തനപദ്ധതിയുടെ പേര് : 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം'

## ലക്ഷ്യങ്ങൾ

* കുട്ടികളിൽ ശുചിത്വശീലങ്ങൾ വളർത്തിയെടുക്കുക
* ഓരോരുത്തരും ഉണ്ടാക്കുന്ന മാലിന്യങ്ങൾ അവനവൻ തന്നെ സംസ്കരിക്കണമെന്ന ബോധം വളർത്തിയെടുക്കുക
* സ്വന്തം ക്ലാസ്മുറിയും പരിസരവും വൃത്തിയായി സൂക്ഷിക്കുക. ശുചിത്വമുള്ള ഒരു വിദ്യാലയാന്തരീക്ഷം ഒരുക്കുക.

| പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ്/ വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|
| * ശുചിത്വസേന രൂപീകരിക്കൽ - ഒരു ക്ലാസിൽ നിന്നും 2 കുട്ടികൾ വീതം | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | പ്രധാന അധ്യാപിക | [illegible] |
| * ദിവസവും ഒരുമണിക്കൂർ ശുചിത്വം [പ്രവൃത്തിസമയത്തിന് മുമ്പ് / ശേഷം അരമണിക്കൂർ വീതം] | ജൂൺ - മാർച്ച് | ശുചിത്വസേന അംഗങ്ങൾ | ക്ലാസ് ടീച്ചർ | |
| * ക്ലാസ് മുറികൾക്ക് പുറത്ത് ചെരിപ്പുകൾ സൂക്ഷിക്കുക, വേസ്റ്റ്ബിൻ എല്ലാ ക്ലാസിലും സൂക്ഷിക്കുക | " | ശുചിത്വസേന അംഗങ്ങൾ | " | |
| * ആഴ്ചയിൽ എല്ലാ വ്യാഴാഴ്ചയിലും ക്ലീനിംഗ് ഡേ - വിലയിരുത്തൽ - ഗ്രേഡ് നൽകൽ | | പ്രധാന അധ്യാപിക ക്ലാസ് ടീച്ചർ | ഹെൽത്ത് ക്ലബ് - ഫോർമാറ്റ് [illegible] | |

| | | | | |
|---|---|---|---|---|
| * മാസത്തിൽ ഏറ്റവും കൂടുതൽ ഗ്രേഡ് നൽകിയ ക്ലാസിന് അസംബ്ലിയിൽ റോളിംഗ് ട്രോഫി നൽകുന്നു. | ജൂൺ – മാർച്ച് | ശുചിത്വസേന അംഗങ്ങൾ | | |
| * എല്ലാ ദിവസവും മാലിന്യസംസ്കരണം | | ״ | | |
| * ശുചിത്വസേനയുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണം – വേസ്റ്റ് നിക്ഷേപിക്കൽ നിരീക്ഷിക്കൽ | | ״ | | |
| * വാട്ടർ പ്യൂരിഫയർ ഉപയോഗിച്ച് ശുദ്ധീകരിച്ച കുടിവെള്ളസൗകര്യം | | ഹെൽത്ത് ക്ലബ് അംഗങ്ങൾ | ഫണ്ട്. | |

| Activities | Duty | Period | Financial assistance | Monitoring | Assessment |
| --- | --- | --- | --- | --- | --- |
| * Pre-Test | | July - 25 - 29 | | Class Teacher | |
| * English Assembly | | Aug - March | | SRG convenor | |
| * Dictionary making | Class Tr | Aug - 2nd week | 1000 | English club convenor | |
| * English library book distn | " | " | 2000 | SRG Convenor/ HM | |
| * Spelling Test - Star of English | " | Aug - March | - | English club Convenor | Spelling Test - once in a month |
| * Reading Test | " | Aug - march | - | " | Best English Reader once in a month |
| * Cartoons / documentary Video presentation | " | Aug - march | - | SRG/ HM/ English club | Description Preparation |
| * Language games - word ladder word web.. | " | Aug - march | - | SRG/ English club | once in a week |

# സ്കൂൾഅക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## കലാസമിതി എൽ പി സ്കൂൾ